കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പതിമൂന്നാം പഞ്ചവൽസര പദ്ധതി - ആദ്യ വാർഷിക പദ്ധതി (2017-2018) - സബ്സിഡി മാർഗ്ഗരേഖ സംബന്ധിച്ച കൂട്ടതൽ ഉൾപ്പെടുത്തലുകൾ/ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.2771/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 10.08.2017

വായന:- 1) സ.ഉ(എം.എസ്)നം.80/2017/തസ്വഭവ തീയതി 03.04.2017

2) 27.07.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനം നമ്പർ 2. 10.

## ഉത്തരവ്

പട്ടികജാതി/പട്ടികവർഗ്ഗ/പൊതു വിഭാഗക്കാരായ നാമമാത്ര/ചെറുകിട/പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ എന്നിവർക്ക് നെൽവിത്തുകൾ വാങ്ങുന്നതിന് പരമാവധി 3500 രൂപ എന്ന വ്യവസ്ഥയിൽ 100% സബ്സിഡി നൽകാവുന്നതാണെന്ന് ഒന്നാമതായി വായിച്ച ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്നു. 27.07.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2.10 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് ഹെക്ടർവരെയുള്ള നെൽകൃഷിക്കായി നെൽ വിത്ത് 'കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ' നിന്നു വാങ്ങുമ്പോൾ നിലവിലെ വില തന്നെ സബ്സിഡിയായി നൽകാവുന്നതാണെന്നും കേരള സംസ്ഥാന വിത്ത് വിതരണ അതോറിറ്റിയിൽ നിന്നാണ് നെൽവിത്ത് വാങ്ങുന്നതെങ്കിൽ 2 ഹെക്ടർ വരെ സ്ഥലമുള്ള കർഷകർക്ക് 3500/- രൂപ എന്ന പരിധി ബാധകമല്ലെന്നും നിശ്ചയിച്ചുകൊണ്ട് മുകളിൽ ഒന്നാമതായി വായിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

2) മേൽ ഭേദഗതിയോടെ മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ത.സ്വ.ഭ.ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും -ഗ്രാമവികസന കമ്മീഷണർ മുഖേന
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ